**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 755** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വിദ്യാഭ്യാസം, ഇ-ഗ്രാന്റ്സ്, ഉന്നതപഠനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് വിതരണത്തിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

**<u>മറുപടി:</u>** പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് വിതരണം സമയബന്ധിതമായി നിർവഹിച്ചു വരുന്നു. ഓരോ അധ്യയന വർഷവും നിശ്ചിത സമയ പരിധിക്കുള്ളിൽ സ്കോളർഷിപ്പ് അപേക്ഷകൾക്കായി സൈറ്റ് ഓപ്പൺ ചെയ്യുകയും അപ്രൂവൽ ലഭിക്കുന്ന സ്കോളർഷിപ്പ് ക്ലെയിമുകൾ യഥാസമയം വിതരണം നടത്തുകയും ചെയ്യുന്നു. ഇ-ഗ്രാന്റ്സ് വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി അധ്യയന വർഷാരംഭത്തിൽ തന്നെ കൃത്യമായ സമയക്രമം നിശ്ചയിച്ച് സമയബന്ധിതമായി അപേക്ഷകൾ സമർപ്പിക്കാൻ മുൻകൂർ അറിയിപ്പ് നൽകി അപേക്ഷകൾക്കായി പോർട്ടൽ ഓപ്പൺ ചെയ്യുകയും ലഭ്യമാകുന്ന അപേക്ഷകൾ കാലതാമസം കൂടാതെ സ്ഥാപനങ്ങളിൽ നിന്നും ഫോർവേർഡ് ചെയ്യുന്നതിനും ജില്ലാ ഓഫീസുകളിൽ നിന്നും അപ്രൂവൽ നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകളിലെ വിവരങ്ങൾ സ്ഥാപനതലത്തിൽ സൂക്ഷ്മമായി പരിശോധിച്ച് തെറ്റുകളില്ലെന്ന് ഉറപ്പുവരുത്തുന്നതിനും, സ്കോളർഷിപ്പ് തുക കൃത്യമായി ബാങ്ക് അക്കൗണ്ടുകളിൽ ലഭിക്കുന്നതിന് തടസ്സമാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട് .

**(ബി)** വിദേശ സർവ്വകലാശാലകളിൽ ഉന്നതപഠനത്തിന് അവസരം ലഭിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ലഭിക്കുന്നതിൽ നിലവിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** വിദേശ സർവ്വകലാശാലകളിൽ ഉന്നതപഠനത്തിന് അവസരം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണത്തിൽ തടസ്സങ്ങൾ നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല .

**(സി)** മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്), ആശ്രമസ്കൂളുകൾ എന്നിവിടങ്ങളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകളും അധ്യാപകരുടെ ഒഴിവുകളും പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

**<u>മറുപടി:</u>** മോഡൽ റസിഡ്യൻഷ്യൽ സ്കൂളുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.കുട്ടികൾക്ക് ആധുനിക രീതിയിലുള്ളതും മികച്ചതുമായ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുതകുന്ന സ്മാർട്ട് ക്ലാസ്സ് റൂമുകൾ, ഡിജിറ്റൽ ലൈബ്രറികൾ, ലാബുകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ സ്ഥിരം തസ്തികയിലുള്ള അധ്യാപക നിയമനം നടത്തുന്നത് പൊതു വിദ്യാഭ്യാസ വകുപ്പാണ്. അധ്യാപകരുടെ ഒഴിവുകൾ പരിഹരിക്കുന്നതിലേയ്ക്കായി കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**